# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ-34

27.09.2011-ൽ മറുപടിക്ക്

## ദേശീയ ഗെയിംസിനായുള്ള അടിസ്ഥാന സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പുമന്ത്രി) |
| (എ) അടുത്ത ദേശീയ ഗെയിംസ് കേരളത്തിൽ നടത്താനുള്ള നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എപ്പോഴാണ് ദേശീയ ഗെയിംസ് നടത്താൻ ഉദ്ദേശിക്കുന്നത്; | (ബി) 2012 ഡിസംബർ മാസത്തിലോ 2013 ആദ്യ പകുതിയിലോ നടത്താനുദ്ദേശിക്കുന്നു. |
| (സി) ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുന്നതിനു വേണ്ടി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഇതിനകം ഏർപ്പെടുത്തിയിട്ടുള്ളത്; | (സി) ഇതിനായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം, കായിക താരങ്ങൾക്കും മറ്റ് ഒഫിഷ്യലുകൾക്കുമുളള താമസസൗകര്യം എന്നിവയ്ക്ക് വേണ്ടിയുളള നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതും പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 32 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 15 പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിച്ചു വരുന്നു.<br>കൂടാതെ, കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയം ആന്വറ്റി അടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

(ഡി) ഈ ഇനത്തിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) ഇതിനായി 38.522 കോടി രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1) കോൺട്രാക്ടർക്ക് നൽകിയ തുക - 33.03 കോടി രൂപ
2) കൺസൾട്ടന്റിന് നൽകിയ തുക - 1.29 കോടി രൂപ
3) പരസ്യചെലവ് - 92.10 ലക്ഷം രൂപ
4) ഉദ്ഘാടന ചടങ്ങുകൾക്ക് ചെലവായ തുക - 11.32 ലക്ഷം രൂപ
5) സർവ്വേ, സോയിൽ ഇൻവെസ്റ്റിഗേഷൻ പണികൾക്ക് ചെലവായ തുക - 1.58 കോടി രൂപ
6) നിർമ്മിതികളും, വൃക്ഷങ്ങളും നീക്കം ചെയ്ത് സ്റ്റേഡിയം സജ്ജമാക്കിയ ഇനത്തിൽ - 1.57 കോടി രൂപ

സെക്ഷൻ ഓഫീസർ